# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1954** | **05.12.2018-ൽ മറുപടിക്ക്**

### എം എൽ.എ മാർ നൽകുന്ന പെറ്റീഷനുകൾ

**ചോദ്യം** | **ഉത്തരം**

**ശ്രീ. സി.മമ്മൂട്ടി** | **പിണറായി വിജയൻ**
**മുഖ്യമന്ത്രി**

| | | | |
|---|---|---|---|
| (എ) | എം.എൽ .എ.മാർ നൽകുന്ന പെറ്റീഷനുകൾ അടിയന്തരമായി തീർപ്പാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. ജനപ്രതിനിധികൾ നൽകുന്ന നിവേദനങ്ങൾക്കും കത്തുകൾക്കും പ്രത്യേക പരിഗണന നൽകി യഥാസമയം മറുപടി നൽകി വരുന്നുണ്ട്. പാർലമെന്റംഗങ്ങളിൽ നിന്നും നിയമസഭാ സാമാജികരിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾക്ക്/കത്തുകൾക്ക് ശ്രദ്ധാപൂർവ്വമായ പരിഗണന നൽകി അവയ്ക്ക് കഴിവതും 10 ദിവസങ്ങൾക്കകം വ്യക്തവും സമഗ്രവുമായി മറുപടി നൽകണമെന്നും, ഇത്തരം കത്തുകൾ ലഭിച്ചതായുള്ള അറിയിപ്പുകൾ കൃത്യമായി നൽകണമെന്നും പ്രസ്തുത കത്തുകളിലും/നിവേദനങ്ങളിലും സ്വീകരിക്കപ്പെടുന്ന നടപടികൾ സംബന്ധിച്ച് നിയമസഭാംഗങ്ങളെ അറിയിക്കണമെന്നും 30.05.2002 ലെ 5913/ഉപ സി3/2002/ഉഭപവ, 19.02.2005 ലെ 14948/ഉപസി3/04/ഉഭപവ, 08.04.2009 ലെ 16160/ഉപസി3/2008/ഉഭപവ, 10.07.2012 ലെ 11783/ഉപസി3/12/ഉഭപവ എന്നീ പരിപത്രങ്ങൾ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രാദേശിക പ്രാധാന്യമുള്ള കാര്യങ്ങളുടെ വിവരങ്ങളും സ്ഥിതി വിവരകണക്കുകളും |

| | | | |
|---|---|---|---|
| | | | എം.പി.മാരും, എം,എൽ.എ മാരും ആവശ്യപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഉടൻ ലഭ്യമായിട്ടുള്ളതും രഹസ്യ സ്വഭാവമില്ലാത്തതുമായ വിവരങ്ങൾ അവർക്ക് അടിയന്തരമായി നൽകണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ കാലയളവിൽ ചില ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ച വരുത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) യും (സി) യും | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | എങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; | | |
| (ഡി) | സർക്കാർ നിർദ്ദേശം പാലിക്കാൻ സർക്കാർ നിയന്ത്രണത്തിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾക്കും ബാധ്യതയുണ്ടോ; എങ്കിൽ കെ.എസ്.ആർ.ടി.സി പോലുള്ള സ്ഥാപനങ്ങൾ ഇക്കാര്യങ്ങളിൽ കാലതാമസം വരുത്തുന്നത് ഗൗരവമായി കാണുമോ എന്നറിയിക്കാമോ? | (ഡി) | ഉണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നത് സർക്കാർ ഗൗരവമായി കണ്ട് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ